**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഓഫീസ് കോംപ്ലക്സ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 3192/2018/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം : 19. 12. 2018

പരാമർശം :- 1. 30.03.2007 ലെ സ.ഉ.(കൈ) നം. 98/2007/ത.സ്വ.ഭ.വ.

2. ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 09.03.2018 ലെ 12 -ാം നമ്പർ, 04.09.2018 ലെ 4 ാം നമ്പർ തീരുമാനങ്ങൾ.

3. ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2018 ലെ ഐ.ഡി.പി./104/16/ഡി.ഡബ്ല്യു. നമ്പർ കത്ത്.

4. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.11.2018 ലെ പി-2576/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന് ഓഫീസ് കോംപ്ലക്സ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ, ചെറുതോണി - പൈനാവ് റോഡിന് വലത് വശത്ത്, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് വക മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനോട് ചേർന്ന്, ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 2 ഏക്കർ സ്ഥലം പ്രസ്തുത ആവശ്യത്തിനായി വിട്ടു നൽകുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയ്ക്കായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം (1) ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന് ലഭിച്ച, ഇടുക്കി വില്ലേജ്, സർവ്വെ നം. 161/1 ൽപ്പെട്ട 322.974 ഹെക്ടർ ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതാണ് മേൽ പരാമർശിത 2 ഏക്കർ സ്ഥലം എന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു.

3. ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രധാന വാണിജ്യ കേന്ദ്രവും ഇടുക്കി ജില്ലയുടെ പ്രധാന സ്ഥലങ്ങളിലേയ്ക്കുള്ള ഗേറ്റ് വേയുമായ ചെറുതോണി ടൗൺ പ്രദേശത്ത് ചെറുകിട കർഷകർ, കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾ, വനിതാ ഉല്പന്നങ്ങൾ മുതലായവയുടെ വിപണനകേന്ദ്രങ്ങൾ, ട്രൈബൽ ഉല്പന്നങ്ങളുടെ വില്പന കേന്ദ്രം, ട്രൈബൽ ഹെറിറ്റേജ് മ്യൂസിയം, എസ്സ്.എച്ച്.ജി. കളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സൗകര്യം, എന്നിവ ഒരുക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഏതാനും സ്ഥാപനങ്ങൾ മാറ്റി സ്ഥാപിച്ച് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമായാണ് പ്രസ്തുത ഓഫീസ് കോംപ്ലക്സ് & ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി

ലഭിച്ചിട്ടുണ്ട് എന്നും ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള, ഇടുക്കി വില്ലേജ്, സർവ്വെ നം. 161/1 ൽ ഉൾപ്പെട്ട വരുന്ന 2 ഏക്കർ ഭൂമി ഓഫീസ് കോംപ്ലക്സ് & ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് റിയാസ്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ , തിരുവനന്തപുരം.
പ്രസിഡന്റ് / സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.
പ്രസിഡന്റ് / സെക്രട്ടറി, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്.
ജില്ലാ കളക്ടർ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ